ട്രിക് സ്പോർട്സ് ഹോസ്റ്റലിലേക്ക് പ്രവേശനം നൽകി വരുന്നു. കൂടാതെ സ്പോർട്ട്സ് രംഗത്ത് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി കേന്ദ്രാവിഷ്കൃത പദ്ധതിയിൽപ്പെടുത്തി വിവിധ കായിക സമുച്ചയങ്ങൾക്ക് കേരളത്തിലുടനീളം ധനസഹായം ലഭ്യമാക്കി വരുന്നു.

സ്പോർട്ട്സ് വികസനത്തിനായി സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ ഏറ്റെടുത്തു നടപ്പാക്കിവരുന്ന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) വരുന്ന നിയമസഭാ സമ്മേളനത്തിൽ സ്പോർട്ട്സ് ബിൽ അവതരിപ്പിക്കുന്നതിന് വേണ്ടി പ്രസ്തുത ബിൽ സെലക്ട് കമ്മിറ്റിയുടെ സജീവ പരിഗണനയിലാണ്.

(സി) നൽകുന്നതാണ്.

(ഡി) കേരളാ സ്പോർട്ട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ സ്കൂൾ തലത്തിലും കോളേജ് തലത്തിലും സ്പോർട്ട്സ് ഹോസ്റ്റലുകൾ നിലവിലുണ്ട്. കൂടാതെ സെൻട്രലൈസ്ഡ് സ്പോർട്ട്സ് ഹോസ്റ്റലുകളിലും പരിശീലനം നൽകി വരുന്നുണ്ട്. പതിനാല് ജില്ലകളിലായി ജില്ലാ കോച്ചിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നു. കൂടാതെ കേരളാ സ്പോർട്ട്സ് കൗൺസിലിലെ വിദഗ്ദ്ധ പരിശീലകർ ഇവയുടെ മേൽനോട്ടം വഹിക്കുന്നു. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ പ്രവർത്തിക്കുന്ന റീജിയണൽ കോച്ചിംഗ് സെന്ററിൽ തെരഞ്ഞെടുക്കപ്പെട്ട കളിയിനങ്ങളിൽ വിദഗ്ദ്ധ പരിശീലനം നൽകി വരുന്നു.

(ഇ) പ്രഗൽഭ കായിക താരങ്ങളെ സംസ്ഥാനത്ത് തന്നെ നിലനിർത്തുന്നതിനായി വർഷം തോറും 20 കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന ഒരു പദ്ധതി നിലവിലുണ്ട്. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളിലും സ്പോർട്ട്സ് താരങ്ങൾക്ക് ജോലി നൽകിവരുന്നുണ്ട്.

ദേശീയ-അന്തർദേശീയ മത്സരങ്ങളിലെ വിജയികൾക്ക് ക്യാഷ് അവാർഡ് നൽകുന്നതിനുള്ള ഒരു പദ്ധതിയും നിലവിലുണ്ട്.

മരുന്നു വാങ്ങുന്ന സംവിധാനം പരിഷ്ക്കരിക്കുവാൻ നടപടി

19 (*169) ശ്രീ. പി.സി. ജോർജ് :
ശ്രീ. ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് :
ഡോ. കെ.സി. ജോസഫ് :
ശ്രീ. ടി.എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ആശുപത്രികളിൽ മരുന്ന് വാങ്ങുന്നതിന് നിലവിലുള്ള സംവിധാനമെന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഇത് പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(ഡി) ഇതിനായി ഡ്രഗ് ടെസ്റ്റിംഗ് സെന്ററും ഡ്രഗ് ആന്റ് പോളിമർ ഇൻഫർമേഷൻ സെന്ററും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) :

(എ) ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആശുപത്രികൾക്കും, മെഡിക്കൽ കോളേജുകൾക്കും ആവശ്യമായ മരുന്നുകൾ സെൻട്രൽ പർച്ചേസ് കമ്മിറ്റി വഴിയാണ് വാങ്ങുന്നത്. സെൻട്രൽ പർച്ചേസ് കമ്മിറ്റിയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസ് ഡയറക്ടർ, ഡ്രഗ്സ് കൺട്രോളർ, ഫിനാൻസ് ഡിപ്പാർട്ട്മെന്റ്, സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റ് എന്നിവയുടെ പ്രതിനിധികൾ എന്നിവർ അംഗങ്ങളാണ്. ആരോഗ്യവകുപ്പ് ഡയറക്ടർ, മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ എന്നിവർ മാറിമാറി ഓരോവർഷവും ചെയർമാൻമാരായിരിക്കും. ആശുപത്രികളിലേക്ക് ആവശ്യമായ മരുന്നുകളുടെ ഇൻഡന്റ് അതാതു ജില്ലാ മെഡിക്കൽ ഓഫീസർമാർ ശേഖരിച്ച് ഒരുമിച്ച് ആരോഗ്യവകുപ്പ് ഡയറക്ടർക്ക് അയച്ചുകൊടുക്കും. സെൻട്രൽ പർച്ചേസ് കമ്മിറ്റിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനികളിൽ നിന്നും വിലകൾ ശേഖരിച്ച് മാർക്കറ്റ് വിലയുമായി താരതമ്യംചെയ്ത്. വീണ്ടും കമ്പനികളുമായി വിലപേശൽ നടത്തി നിരക്കുകൾ ഉറപ്പിക്കുന്നു. ഈ നിരക്കിൽ ഓരോ ജില്ലാ മെഡിക്കൽ ഓഫീസർമാരും മെഡിക്കൽ കോളേജ് അധികാരികളും കമ്പനികളിൽ നിന്നും ഓരോ വർഷവും മരുന്നുകൾ വാങ്ങുന്നു. ഒരുവർഷത്തേക്ക് ആവശ്യമായ മരുന്ന് നാലു തുല്യഗഡുക്കളാക്കി കമ്പനികൾ വിതരണം ചെയ്യുന്നു.

(ബി) സെൻട്രൽ പർച്ചേസ് കമ്മിറ്റി വഴിയുള്ള മരുന്നു വിതരണം വളരെയധികം ഫലപ്രദമായി കരുതുന്നതിനാൽ ഇത് പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നില്ല.

(സി) ജില്ലാ മെഡിക്കൽ സ്റ്റോറുകളിൽ നിന്നും സർക്കാർ ആശുപത്രികളിൽ നിന്നും ഡ്രഗ്സ് ഇൻസ്പെക്ടർമാർ മരുന്നുകളുടെ സാമ്പിളുകൾ എടുത്ത് പരിശോധിക്കുന്നുണ്ട്. മരുന്നുകൾ പരിശോധിക്കുന്നതിനായി തിരുവനന്തപുരത്ത് ഡ്രഗ്സ് ടെസ്റ്റിംഗ് ലാബറട്ടറി പ്രവർത്തിക്കുന്നു. ഗുണനിലവാരത്തില്ലാത്തവ പിൻവലിക്കാനും, കമ്പനികൾക്കെതിരെ നടപടികൾ സ്വീകരിക്കാനും വ്യവസ്ഥയുണ്ട്.

(ഡി)&(ഇ) സംസ്ഥാനത്തുള്ള ഔഷധ ഗുണനിയന്ത്രണ വകുപ്പിന്റെ കീഴിൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബറട്ടറി പ്രവർത്തിക്കുന്നുണ്ട്. പുതിയ സെന്ററുകൾ ആരംഭിക്കുവാനുള്ള നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly